**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1486** **18-01-2021 - ൽ മറുപടിയ്ക്ക്**

**കാഷ്യൂ ബോർഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Smt. J. Mercykutty Amma**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങൾക്കും ചെറുകിട സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾക്കും തടസ്സമില്ലാതെ ന്യായവിലയിൽ തോട്ടണ്ടി ലഭ്യമാക്കുവാൻ രൂപീകരിച്ച കേരള കാഷ്യൂ ബോർഡിന്റെ പ്രവർത്തനം തൃപ്തികരമാണോ; വിശദാംശം നൽകുമോ; | (എ) | തൃപ്തികരമാണ്. സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധിയ്ക്ക് പരിഹാരം കാണാനുള്ള സംസ്ഥാന സർക്കാർ നടപടികളുടെ ഭാഗമായി രൂപീകരിക്കപ്പെട്ട കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന കമ്പനി 2017 ഒക്ടോബർ 9 മുതൽ പ്രവർത്തനം ആരംഭിച്ചു. കേരള കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും കീഴിലുള്ള ഫാക്ടറികൾക്ക് തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതിനാ വശ്യമായ അസംസ്കൃത തോട്ടണ്ടിയുടെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കുന്നതിന് കേരള കാഷ്യൂ ബോർഡിന് കഴിഞ്ഞിട്ടുണ്ട്. കാഷ്യൂ ബോർഡിന്റെ ഇടപെടൽ മൂലം തോട്ടണ്ടിയുടെ ലഭ്യത വർദ്ധിപ്പിക്കുവാനും ന്യായവില ഉറപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ ഇതിലൂടെ സാധ്യമായിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികളുടെ ബാങ്ക് വായ്പകൾ പുനഃക്രമീകരിച്ച് അവയ്ക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാർ ബാങ്കുകളുമായി തുടർച്ചയായി ചർച്ച നടത്തുകയും ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തതിനെത്തുടർന്ന് 79 സ്വകാര്യ വ്യവസായങ്ങൾക്ക് ബാങ്കുകൾ അധിക വായ്പ ലഭ്യമാക്കിയിട്ടുണ്ട്. അപ്രകാരം പ്രവർത്തനം പുനരാരംഭിക്കുന്ന സ്വകാര്യ ഫാക്ടറികൾക്ക് തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് ഇപ്പോൾ സജ്ജമാണ്. |
| (ബി) | കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷനും കാപെക്സിനും ആവശ്യമായ തോട്ടണ്ടി കാഷ്യൂ ബോർഡ് ഇറക്കുമതി ചെയ്യുന്നത് എവിടെ നിന്നൊക്കെയാണ്; അത് സുതാര്യവും അഴിമതിരഹിതവും ആണെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം എന്തൊക്കെയാണ്; | (ബി) | കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് ആഫ്രിക്കൻ രാജ്യങ്ങളായ ഗിനി-ബിസ്സാവ്വ, മൊസാംബിക്ക്, ഘാന എന്നിവിടങ്ങളിൽ നിന്നും തുടർച്ചയായി കശുവണ്ടി ഇറക്കുമതി ചെയ്തുവരുന്നു. കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽ നിന്ന് അതാത് വിളവെടുപ്പ് |

| | | | |
|---|---|---|---|
| | | | സീസണുകളിൽ തികച്ചും സുതാര്യമായ ഇ-ടെണ്ടർ സംവിധാനത്തിലൂടെ ടെണ്ടർ വിളിച്ച് തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്ന നടപടി ക്രമങ്ങളാണ് കേരള കാഷ്യൂ ബോർഡ് സ്വീകരിച്ചു വരുന്നത്. കേരള സർക്കാരിന്റെ ഇ-പ്രോക്യൂർമെന്റ് പോർട്ടൽ വഴിയാണ് കാഷ്യൂ ബോർഡ് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നത്. ടെണ്ടറുകളിൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കുന്നതിനു വേണ്ടി അതാതു രാജ്യത്തെ 2 പ്രമുഖ പത്രങ്ങളിലും കൂടാതെ ഇന്ത്യയിലെ പത്രങ്ങളിലും ടെണ്ടർ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചു വരുന്നു. വിതരണക്കാർ ഇ-പ്രൊക്യൂർമെന്റ് പോർട്ടൽ വഴി നൽകുന്ന രേഖകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി കാഷ്യൂ ബോർഡ് നിഷ്കർഷിച്ചിട്ടുള്ളതും സർക്കാർ അനുവാദം നൽകിയിട്ടുള്ളതുമായ ടെണ്ടർ നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം, ഏറ്റവും കുറഞ്ഞ വിലയ്ക്ക് തോട്ടണ്ടി വാഗ്ദാനം ചെയ്യുന്ന വിതരണക്കാരനെ ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ തിരഞ്ഞെടുക്കുകയാണ് ചെയ്തു വരുന്നത്. ഇത്തരത്തിൽ തികച്ചും സുതാര്യവും അഴിമതി രഹിതവുമായ നടപടി ക്രമങ്ങളാണ് തോട്ടണ്ടി ഇറക്കുമതിയ്ക്കായി കേരള കാഷ്യൂ ബോർഡ് സ്വീകരിച്ചു വരുന്നത്. |
| (സി) | കാഷ്യൂ ബോർഡ് വഴി ഇറക്കുമതി ചെയ്ത തോട്ടണ്ടി ഉപയോഗിച്ച് കോർപ്പറേഷനും കാപെക്സും തൊഴിലാളികൾക്ക് ഒരു വർഷം എത്ര ദിവസം തുടർച്ചയായി ജോലി നൽകുവാൻ സാധിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഒരു വർഷം ചുരുങ്ങിയത് 200 പ്രവർത്തി ദിവസം നൽകുവാനാണ് കാപ്പെക്സും കോർപ്പറേഷനും പദ്ധതിയിട്ടിട്ടുള്ളതും പ്രവർത്തിക്കുന്നതും. കാഷ്യൂ ബോർഡ് കാപ്പെക്സിന് തോട്ടണ്ടി നൽകി തുടങ്ങിയ 2019 വർഷത്തിൽ, കാപ്പെക്സ് 214 പ്രവർത്തി ദിവസം തൊഴിലാളികൾക്ക് നൽകുകയുണ്ടായി. 2020 വർഷം കോവിഡ് മഹാമാരി മൂലമുള്ള തടസ്സങ്ങൾ ഉണ്ടായിരുന്നിട്ടും (01.01.2020 മുതൽ 31.12.2020 വരെ) 160 തൊഴിൽ ദിനങ്ങൾ നൽകുവാൻ കാപ്പെക്സിന് സാധിച്ചു. കശുവണ്ടി വികസന കോർപ്പറേഷനും പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കി വരുന്നു. |
| (ഡി) | കശുവണ്ടി പരിപ്പിന്റെ വിപണിയിൽ ഇടപെടുന്നതിന് കാഷ്യൂ ബോർഡിന് സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് ബോർഡ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | കാഷ്യൂ ബോർഡ് കശുവണ്ടി പരിപ്പിന്റെ വിപണിയിൽ ഇപ്പോൾ ഇടപെട്ടിട്ടില്ല. എന്നാൽ ഭാവിയിൽ പരിപ്പ് വിപണിയിൽ ഇടപെടുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ